**Indian Institute of**
Infrastructure & Construction

പ്രസിദ്ധീകരണത്തിന് 12 നവംബർ 2024

**<u>സങ്കൽപ്പ് പദ്ധതിയിലൂടെ ഐ ഐ ഐ സി യിൽ സൗജന്യ പരിശീലനം</u>**

സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ജില്ലയിൽ ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിലെ രണ്ട് തൊഴിൽപരിശീലനങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ സങ്കൽപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . പത്താം ക്ലാസ്സ് വിജയിച്ചവർക്കുള്ള അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ ലെവൽ 3 പരിശീലനവും, പ്ലസ് വൺ വിജയിച്ചവർക്കുള്ള എക്സ്കവേറ്റർ ലെവൽ 4 പരിശീലനവുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അമ്പതു പേർക്ക് ഈ രണ്ടു പരിശീലന പരിപാടികളിൽ പ്രവേശനം നേടാം.

തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഫീസ് സങ്കൽപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ വഹിക്കും. തൊഴിൽ വകുപ്പിന് കീഴിലെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ആണ് സങ്കൽപ്പ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത് .വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അപേക്ഷകർ കൊല്ലം ജില്ലയിൽ നിന്നുള്ളവരായിരിക്കണം.

ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് പ്രകാരമുള്ള പരിശീലനത്തിന് ശേഷം ദേശീയ നൈപുണ്യ വികസന കോർപറേഷൻ സർട്ടിഫിക്കറ്റ് ആണ് വിജയിക്കുന്നവർക്ക് ലഭിക്കുക. തൊഴിലിട പരിശീലനവും പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകർ 18 വയസ്സ് പൂർത്തീകരിച്ചിരിക്കണം.

അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ യോഗ്യത തെളിയിക്കുന്ന രേഖ,ആധാർ കാർഡ്,വരുമാനസർട്ടിഫിക്കറ്റ് എന്നിവയുമായി കൊല്ലം ജില്ലയിൽ ചവറയിൽ പ്രവർത്തിക്കുന്ന ഐ ഐ ഐ സി യിൽ നേരിട്ട് ഹാജരാകേണ്ടതാണ് . അപേക്ഷിക്കുവാനുള്ള അവസാന തീയതി നവംബർ 20 ആണ് .

വെബ്സൈറ്റ്: www.iiic.ac.in

വിവരങ്ങൾക്ക്: 8078980000

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനു വേണ്ടി

ഡയറക്ടർ

Near Chavara Bridge, Puthanthura P.O.
Kollam – 691 582, Kerala

Mob: +91 8078980000 | email: contact@iiic.ac.in
**www.iiic.ac.in**

A joint initiative of
Department of Labour and Skills, Government of Kerala
KASE Kerala Academy for Skills Excellence, Skill Development Mission of Government of Kerala
ULCCS Ltd.